**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ശ്രീ. സജേഷ്. എസ്, ശ്രീ. അനിൽകുമാർ എന്നീ രണ്ടാം ഗ്രേഡ് ഓവർസിയർമാർ സമർപ്പിച്ച 20.07.2016 ലെ അപ്പീൽ - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA.1625/16 മേലുള്ള 25/07/2016 ലെ ഉത്തരവ് പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (ആർ.റ്റി) നം. 3430/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 16/12/2016

---

പരാമർശം:- 1. 27/11/2007-ലെ സ.ഉ(അച്ചടി).272/07/പൊ.ഭ.വ നം. ഉത്തരവ്.

2. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29/02/2016-ലെ ഇ 9/1092/14/സി ഇ./ത.സ്വ.ഭ.വ. നമ്പർ നടപടി ക്രമം.

3 ശ്രീ. സജേഷ്. എസ്, ശ്രീ. അനിൽകുമാർ എന്നീ രണ്ടാം ഗ്രേഡ് ഓവർസിയർമാർ സമർപ്പിച്ച 23/07/2016 ലെ അപ്പീൽ

4 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 1625/16 മേലുള്ള 25/07/2016 ലെ ഉത്തരവ്.

5 തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 04.11.2016 ലെ ഇ 22-10672/2016/സി.ഇ./തസ്വഭവ നം. റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വകുപ്പിലെ ചീഫ് എഞ്ചിനീയർ പരാമർശം 2 പ്രകാരം പ്രസിദ്ധീകരിച്ച രണ്ടാം ഗ്രേഡ് ഓവർസിയർമാരുടെ ഫൈനൽ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് സ്പെഷ്യൽ റൂൾ പ്രകാരമുള്ള അനുപാതം പാലിച്ചല്ല എന്നാരോപിച്ച് പ്രസ്തുത ലിസ്റ്റിനെതിരെ സെക്കന്റ് ഗ്രേഡ് ഓവർസിയർമാരായ ശ്രീ. സജേഷ്. എസ്സ്, ശ്രീ. അനിൽകുമാർ എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച OA1625/16-മേലുള്ള പരാമർശം 4 പ്രകാരമുള്ള ഉത്തരവിൽ അപേക്ഷകർ ഒന്നാം കക്ഷിയായി ഗവൺമെന്റ് മുമ്പാകെ പരാമർശം 3 പ്രകാരം സമർപ്പിച്ച അപ്പീലിൽ (അനുബന്ധം-എ 4) 2 മാസത്തിനുള്ളിൽ ഉചിതമായ തിരുമാനമെടുക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി.

2. കോടതി നിർദ്ദേശാനുസരണം അപേക്ഷകനെ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 20.10.2016-ൽ നേരിൽ കേൾക്കുകയുണ്ടായി.

3. രണ്ടാം ഗ്രേഡ് ഓവർസിയർമാരുടെ നിയമന സമയത്തും തുടർന്ന് സ്ഥാനക്കയറ്റം നൽകിയ സമയത്തും സ്പെഷ്യൽ റൂൾ പ്രകാരമുള്ള 1:1 അനുപാതം പാലിച്ചതായി കാണുന്നില്ലെന്നും ആയതിനാൽ തുടർന്നുള്ള സ്ഥാനക്കയറ്റത്തിന്റെ സമയത്ത് അനുപാതം പാലിക്കാതെ കുറച്ച് സ്ഥാനക്കയറ്റം ലഭിച്ചവർ ആദ്യവും അതിനുശേഷം കുറച്ച് നേരിട്ടുനിയമനം ലഭിച്ചവരും വരുന്ന രീതിയിൽ ആണ് സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നും ഹിയറിംഗ് വേളയിൽ അപേക്ഷകർ വാദിക്കുകയുണ്ടായി.

4.പരാമർശം 2 പ്രകാരം ചീഫ് എഞ്ചിനീയർ പുഴപ്പെട്ടുവിച്ച സെക്കന്റ് ഗ്രേഡ് ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ ക്രമ നം.523-663 വരെയും, ക്രമനം.687-779 വരെയും സ്ഥാനക്കയറ്റം ലഭിച്ചവരും, തുടർന്ന് 1010 വരെ പുതുതായി തിരഞ്ഞെടുക്കപ്പെട്ടവരും ആണെന്ന് കാണുന്നു. പരാമർശം 1 പ്രകാരമുള്ള കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം സെക്കന്റ് ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേയ്ക്കുള്ള നിയമനരീതി എന്നത് 1:1 അനുപാതത്തിൽ തേർഡ് ഗ്രേഡ് ഓവർസിയർമാരുടെ നേരിട്ടുള്ള നിയമനം മുഖേനയോ പ്രൊമോഷൻ മുഖേനയോ ആണ്. അഡ്വൈസ് തീയതി, പ്രൊമോഷൻ തീയതി ഇവയുടെ സീനിയോരിറ്റി ക്രമത്തിൽ വിന്യസിച്ച്, ആകെയുള്ള കേഡർ തസ്തികകളെ രണ്ടായി വിഭജിച്ച് നേരിട്ടുള്ള നിയമനം, പ്രൊമോഷൻ വഴിയുള്ള നിയമനം എന്നിങ്ങനെ ഓരോ വിഭാഗത്തിലും ഒഴിവു വരുന്നതനുസരിച്ച് അതാത് വിഭാഗത്തിൽ നിന്നുമാത്രം നിയമനം നടത്തി കേഡർ സ്ട്രെങ്ങ്ത് നിലനിർത്തുന്നരീതിയിൽ ആണ് നിലിവിൽ നിയമന പ്രക്രിയ നടന്നുവരുന്നത്. സീനിയോരിറ്റി ലിസ്റ്റിൽ താഴെ തലത്തിൽ നിൽക്കുന്ന ഒരാൾക്ക്, ഉയർന്നതലത്തിൽ നിൽക്കുന്ന ആളിന് പ്രൊമോഷൻ ലഭിക്കുന്നതിന് മുൻപ് പ്രൊമോഷൻ ലഭിക്കുന്നില്ല എന്നുമാത്രമല്ല കേഡർ സ്ട്രെങ്ങ്തിൽ വ്യത്യാസം വരുന്നുമില്ല. മാത്രമല്ല, പൊതുമരാമത്ത് വകുപ്പിൽ തുടർന്നുവരുന്ന ഒരു രീതിയാണ് ഇവിടെ അവലംബിച്ചിട്ടുള്ളത്. കൂടാതെ, ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്കുള്ള നിയമനരീതി 1:1 എന്ന അനുപാതത്തിൽ By promotion from category 2(II Grade Over seer) & By Direct Recruitment ആണ്. അതുകൊണ്ട് തന്നെ പ്രത്യേക ലിസ്റ്റ് സൂക്ഷിക്കണമെന്ന അപേക്ഷകരുടെ ആവശ്യത്തിന് സാംഗത്യമില്ല. അപേക്ഷകർ ആശങ്കപ്പെടുന്നതുപോലെ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് 1:1 അനുപാതം പാലിക്കാൻ കഴിയുകയില്ല എന്ന സാഹചര്യം ഇവിടെ ഉണ്ടാകുന്നില്ല. ആയതിനാൽ പരാമർശം 2 പ്രകാരം പ്രസിദ്ധീകരിച്ച രണ്ടാം ഗ്രേഡ് ഓവർസിയർമാരുടെ ഫൈനൽ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് സ്പെഷ്യൽ റൂൾ പ്രകാരമുള്ള അനുപാതം പാലിച്ചല്ല എന്ന അപേക്ഷകരുടെ ആക്ഷേപം വസ്തുതാപരമല്ലെന്നു ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച കാരണങ്ങളാൽ അപേക്ഷകർ സമർപ്പിച്ച അപ്പീൽ നിരസിച്ചുകൊണ്ടും, പരാമർശം 4 പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല. സി.എസ്**

അണ്ടർ സെക്രട്ടറി

1. ഹർജിക്കാർക്ക് (തദ്ദേശ സ്വയംഭരണ വകുപ്പ്, ചീഫ് എഞ്ചിനീയർ മുഖേന)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം )
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
5. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ